(സി) ഈ ഫാക്ടറിയിലെ തൊഴിലാളികൾക്കു മാനേജുമെന്റിൽ നിന്നും കിട്ടാനുള്ള 1982 ഡിസംബർ, 1984 ഡിസംബർ എന്നീ മാസങ്ങളിലെ ശമ്പളം 1-1-1983 മുതൽ 17-1-83 വരെയുള്ള കാലയളവിലെ ശമ്പളം 1982, 83 എന്നീ വർഷങ്ങളിലെ ബോണസ് ഇവ നൽകുക എന്ന ആവശ്യം മുൻനിർത്തി തൊഴിലാളികൾ പണിമുടക്കാരംഭിച്ചതിനെ തുടർന്നാണു കമ്പനി അടച്ചു പൂട്ടിയത്.

ഈ സാമ്പത്തിക വർഷത്തിൽ നല്കിയ തൊഴിലില്ലായ്മ വേതനം

272 [587] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷത്തിൽ ആകെ ഇതുവരെയായി എത്ര പേർക്ക് തൊഴിലില്ലായ്മ വേതനം നല്കിയിട്ടുണ്ട്;

(ബി) ആകെ നല്കിയ സംഖ്യ എത്രയാണ്;

(സി) 1984-85 സാമ്പത്തിക വർഷത്തിൽ നല്കിയ സംഖ്യ എത്രയാണ്;

(ഡി) ജില്ല തിരിച്ചുള്ള കണക്ക് മേശപ്പുറത്ത് വയ്ക്കാമോ?

ഉത്തരം

(എ) 31-7-1985 വരെ ആകെ 57,898 പേർക്ക് തൊഴിലില്ലായ്മ വേതനം നൽകിയിട്ടുണ്ട്.

(ബി) 2,08,84,800 രൂപ.

(സി) 7,68,52,921 രൂപ 55 പൈസ.

(ഡി) ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി കൊടുത്തിരിക്കുന്നു. *

തൊഴിലില്ലായ്മ വേതനത്തിലെ ക്രമക്കേടുകൾ

273 [588] ശ്രീ. എസ്. ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലില്ലായ്മവേതനം വിതരണം ചെയ്യുന്നതിൽ ക്രമക്കേടുകൾ നടക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു പരിഹരിക്കുന്നതിനു കർഷകത്തൊഴിലാളി പെൻഷൻ മണിഓർഡർ അയയ്ക്കുന്നതുപോലെ, തൊഴിലില്ലായ്മവേതനവും മണിഓർഡറായി അയയ്ക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഗുണഭോക്താക്കൾ തെറ്റായ സത്യവാങ്മൂലം നൽകുക, ആൾമാറാട്ടം നടത്തുക തുടങ്ങിയ ചില ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തൊഴിലില്ലായ്മവേതനം മണിഓർഡറായി അയയ്ക്കുന്നതുകൊണ്ട് ഇത്തരം ക്രമക്കേടുകൾ പൂർണ്ണമായി പരിഹരിക്കപ്പെടുകയില്ല.

* അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly